Draft #8 of File 8736/AC B7-1/2020/AC B 7 Approved by ASSISTANT REGISTRAR II (ACADEMIC) on 22-Jun-2021 01:12 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

2021 പ്രവേശനം മുതൽ MHRM കോഴ്സിനെ MA (Human Resource Management) എന്ന പേരിലേക്ക് മാറ്റുന്നതും - ടി കോഴ്സിനെ യു.ജി.സിയുടെ അംഗീകൃത കോഴ്സുകളുടെ ലിസ്റ്റിൽ ഉൾപെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും - അക്കാദമിക് കൗൺസിൽ അംഗീകരിച്ചത് - ഉത്തരവാകുന്നു.

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 2807/AC A 4/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 22.06.2021

---

*പരാമർശം:*-1.രാജഗിരി കോളേജ് പ്രിൻസിപ്പൽ 19/02/2020 -അയച്ച RCSS/415/Degrees/2020 - നമ്പർ കത്ത്.

2.യു.ജി.സി. സെക്രട്ടറിയുടെ 20/01/2020 തിയതിയിലെ D.O No.F.21-13/2019(PP-111) നമ്പർ കത്ത്

3..15/6/2020 ൽ കൂടിയ അക്കാദമിക് സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ യോഗനടപടിക്കുറിപ്പ് ഇനം നമ്പർ: OA.2/8736/Ac A4/3/Ac B7-1/2020

4.18.08.2020. തീയതിയിൽ ഓൺലൈനായി കൂടിയ എം.എച്ച്.ആർ.എം -ന്റെയും ബിസിനസ് മാനേജ്മെന്റ് -ന്റെയും വിദഗ്ധസമിതികളുടെ സംയുക്ത യോഗത്തിന്റെ മിനുട്സ്

5.06.03.2021ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനുട്സ് ഇനം നമ്പർ.58/8736/AcA4/3/MHRM/2020 (24.05.2021ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (21.02)ഇനം നമ്പർ01/21.02/210040 ആയി സമർപ്പിച്ചത്)

**<u>ഉത്തരവ്</u>**

സർവ്വകലാശാലയുടെ കീഴിൽ നടത്തപ്പെടുന്ന MHRM ഡിഗ്രി പ്രോഗ്രാം , UGC specified കോഴ്സുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ യു.ജി.സി.യുടെ അംഗീകൃതകോഴ്സുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ട് പ്രിൻസിപ്പൽ , രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരി, പരാമർശം 1 പ്രകാരം സർവ്വകലാശാലയിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

1986 മുതൽ സർവ്വകലാശാലയിൽ നിലവിലുണ്ടായിരുന്ന MA (പേഴ്സണൽ മാനേജ്മെന്റ് & ഇൻഡസ്ട്രിയൽ റിലേഷൻസ്) കോഴ്സ് 2001 മുതൽ പുനർനാമകരണം ചെയ്ത് MHRM (Master of Human Resource Management) എന്ന് മാറ്റുകയും 2003 മുതൽ ടി കോഴ്സ് മാനേജ്മെന്റ് സയൻസസ് ഫാക്കൽറ്റിയുടെ കീഴിലാക്കുകയും ചെയ്തിട്ടുള്ളതാണ്. സർവ്വകലാശാല വർഷങ്ങളായി നടത്തിവരുന്നതും നിരവധിയായ വിദ്യാർത്ഥികൾക്ക് ഇതിനോടകം ഡിഗ്രി സർട്ടിഫിക്കറ്റുകൾ അവാർഡ് ചെയ്തിട്ടുള്ളതുമായ സാഹചര്യത്തിൽ, MHRM കോഴ്സിനെ യു.ജി.സി സ്പെസിഫൈഡ് കോഴ്സുകളോടൊപ്പം ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് മുന്നോടിയായി ഡീൻ,ഫാക്കൽറ്റി ഓഫ് മാനേജ്മന്റ് സയൻസസ് -ന്റെ അഭിപ്രായപ്രകാരം ടി വിഷയം പരാമർശം 3 പ്രകാരം അക്കാദമിക്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിക്കുകയും , ബിസിനസ് മാനേജ്മെന്റ് എക്സ്പേർട്ട് കമ്മിറ്റിയുടെ അഭിപ്രായം കൂടി തേടുന്നതിന് നിർദേശിക്കുകയും ചെയ്തിരുന്നു.

ബഹു.വൈസ് ചാൻസിലറുടെ നിർദ്ദേശപ്രകാരം, പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിലേക്കായി എം.എച്ച്.ആർ.എം -കോഴ്സിന്റേയും ബിസിനസ് മാനേജ്മെന്റ് -ന്റെയും വിദഗ്ധസമിതികൾ സംയുക്തമായി കൂടുകയും (ഓൺലൈൻ), സൈക്കോളജി , സോഷ്യോളജി , ഇക്കണോമിക്സ് തുടങ്ങിയ സോഷ്യൽ സയൻസസിലെ കോൺട്രിബ്യൂട്ടിങ് ഡിസിപ്ലിൻസും, ടാലെന്റ് മാനേജ്മന്റ്, ഓർഗനൈസേഷനൽ ബിഹേവിയർ , എംപ്ലോയീ വെൽഫെയർ, HR ഇൻഫർമേഷൻ സിസ്റ്റം , ഗ്ലോബൽ എച്ച്. ആർ. എം. തുടങ്ങിയ ഫങ്ഷണൽ കോഴ്സുകളും ഉൾപ്പെടുന്ന ടി കോഴ്സിന് തനതായി മാനേജ്മെന്റ് ഫാക്കൽറ്റിയുടെ കീഴിൽ സ്വതന്ത്ര സ്ഥാനമുണ്ടെന്നും ടി COURSE CONTENT പരിഗണിച്ച്, 2021 പ്രവേശനം മുതൽ MHRM കോഴ്സിനെ MA (Human Resource Management) എന്ന പേരിലേക്ക് മാറ്റുന്നതിനും തദനുസരണം യു.ജി.സി ക്ക് അറിയിപ്പ് നൽകുന്നതിനും പരാമർശം 4 പ്രകാരം ശുപാർശ നൽകുകയും ചെയ്തിരുന്നു. ഈ ശുപാർശകൾ അക്കാദമിക് കൗൺസിലിന്റെ മുൻപാകെ സമർപ്പിക്കുന്നതിന് ബഹു.വൈസ് ചാൻസിലർ ഉത്തരവായിരുന്നു.

തദനുസരണം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്ന ടി വിഷയത്തിന്മേൽ സൂചന 5 പ്രകാരം "**2021 പ്രവേശനം മുതൽ MHRM കോഴ്സിനെ MA (Human Resource Management) എന്ന പേരിലേക്ക് മാറ്റുന്നതിനും, ടി കോഴ്സിനെ യു.ജി.സിയുടെ അംഗീകൃത കോഴ്സുകളുടെ ലിസ്റ്റിൽ ഉൾപെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.**"

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൻജാൻ എ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)

പകർപ്പ്

1. വി.സി /പി.വി.സി. യുടെ പി.എസുമാർ
2. രജിസ്ട്രാർ / പരീക്ഷ കൺട്രോളറുടെ പി.എ മാർ
3. കൺവീനർ (എം.എച്ച്.ആർ.എം.,വിദഗ്ധ സമിതി)
4. പ്രിൻസിപ്പാൾ,ബന്ധപ്പെട്ട കോളേജുകൾ
5. ജെ.ആർ/ ഡി.ആർ /എ.ആർ(പരീക്ഷ/അക്കാഡമിക്)
6. ഇ.ഐ III സെക്ഷൻ
8. എ സി സി I / II/ACL സെക്ഷനുകൾ
9. കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ
10. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

Draft #8 of File 8736/AC B7-1/2020/AC B 7 Approved by ASSISTANT REGISTRAR II (ACADEMIC) on 22-Jun-2021 01:12 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം